**<u>15 -ാം കേരള നിയമസഭ</u>**

**<u>4 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 100</u>** **<u>14-03-2022 - ൽ മറുപടിയ്ക്ക്</u>**

**<u>ഡിജിറ്റൽ സർവ്വെ നടപടികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വാഴൂർ സോമൻ | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂമിയുടെ ഡിജിറ്റൽ സർവ്വെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ആകെ 1666 വില്ലേജുകൾ ഉള്ളതിൽ 913 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയായെങ്കിലും 89 വില്ലേജുകളിൽ മാത്രമാണ് ഡിജിറ്റൽ റിക്കാർഡുകൾ ലഭ്യമായിട്ടുള്ളത്. നൂതന വിവര വിനിമയ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി കാലഘട്ടത്തിനനുസൃതമായി ഓൺലൈൻ സേവനം സാധ്യമാക്കുന്നതിന് സംസ്ഥാനത്തിന്റെ എല്ലാ വില്ലേജുകളുടെയും ഭൂരേഖകൾ ഡിജിറ്റലായി തയ്യാറാക്കേണ്ടതുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഡിജിറ്റൽ സർവെ പുരോഗതിയിലുള്ള 27 വില്ലേജുകളും, ഡിജിറ്റൽ സർവെ പൂർത്തിയായ 89 വില്ലേജുകളും ഒഴിച്ച് ശേഷിക്കുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ നാലു വർഷത്തിനകം പൂർത്തിയാക്കുന്നതിനുള്ള 807.98 കോടി രൂപയുടെ പദ്ധതിക്ക് 18-08-2021 ലെ സ.ഉ (കൈ) 24/2021/ പ്ലാനിംഗ് ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ളതും, 27-08-21 ലെ സ.ഉ (സാധാ) No.364/2021/പ്ലാനിംഗ് ഉത്തരവ് പ്രകാരം റീബിൽഡ് കേരള ഇനിഷിയേറ്റീവിൽ ഉൾപ്പെടുത്തി 339.438 കോടി രൂപ ആദ്യ ഘട്ടത്തിൽ അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത ഡിജിറ്റൽ സർവ്വേ പദ്ധതി നൂതന സാങ്കേതിക വിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത് . ഇതിലേക്കായി CORS, RTK റോവർ, റോബോട്ടിക് ടോട്ടൽ സ്റ്റേഷൻ (RTS), DRONE തുടങ്ങിയ ആധുനിക സർവ്വെ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നുണ്ട്. 60 മുതൽ 70 ശതമാനത്തോളം സ്ഥലങ്ങൾ CORS/RTK ഉപയോഗിച്ചും 20 ശതമാനത്തോളം സ്ഥലങ്ങൾ റോബോർട്ടിക് ടോട്ടൽ സ്റ്റേഷൻ ഉപയോഗിച്ചും, 10 |

| | | | |
|---|---|---|---|
| | | | ശതമാനത്തോളം വരുന്ന ഇറസ്സായ സ്ഥലങ്ങൾ Drone സാങ്കേതികവിദ്യ ഉപയോഗിച്ചും സർവ്വെ ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് 28 COR സ്റ്റേഷനുകളാണ് ആവശ്യമായിട്ടുള്ളത്. ടി വിഷയത്തിലുള്ള പ്രാവീണ്യവും രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ COR സ്റ്റേഷനുകൾ സ്ഥാപിച്ച് പരിചയ സമ്പത്തും കണക്കിലെടുത്ത് സംസ്ഥാനത്ത് സ്ഥാപിക്കേണ്ട 28 COR സ്റ്റേഷനുകൾ സർവെ ഓഫ് ഇന്ത്യയുടെ സഹകരണത്തോടെയാണ് സ്ഥാപിക്കുന്നത്. ഇതിനുള്ള ടെണ്ടർ നടികൾ സർവെ ഓഫ് ഇന്ത്യ സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്ത് ടി സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത നടപടികൾ പൂർത്തീകരിക്കുന്നതോടെ ജനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | ഡിജിറ്റൽ സർവ്വെ പദ്ധതി പൂർത്തിയാകുന്നതിലൂടെ സർവെ, റവന്യൂ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളിലെ ഭൂസംബന്ധമായ സേവനങ്ങൾ ഒരു പോർട്ടലിന് കീഴിൽ കൊണ്ട് വരുന്നതിനും സർവ്വെ റിക്കാർഡുകൾ കാലാഹരണപ്പെട്ട് പോകാതെ ഡിജിറ്റലായി തന്നെ നാളതീകരിച്ച് പരിപാലിക്കുന്നതിനും സാധിക്കുന്നതാണ്. കൂടാതെ മാപ്പ് അധിഷ്ഠിത പോക്കുവരവ് സംവിധാനം നടപ്പിലാക്കുന്നതിനും എല്ലാ ഭൂമിക്കും രേഖയുണ്ടാവുകയും ഭൂസംബന്ധമായ സേവനങ്ങൾ വിവിധ വകുപ്പുകൾ സന്ദർശിക്കാതെ ഭൂവുടമസ്ഥർക്ക് ഒരു പോർട്ടൽ മുഖേന ലഭ്യമാക്കുന്നതിനും സാധിക്കും. വർഷങ്ങളായി തുടങ്ങിക്കിടക്കുന്ന ഭൂപരാതികൾക്ക് സെറ്റിൽമെന്റ് പ്രോസസ്സിലൂടെ പരിഹാരമാകുകയും ഭൂമിയെ സംബന്ധിച്ച എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള റിക്കാർഡ് ഓഫ് റൈറ്റ് നൽകുന്നതിന് സാധിക്കുന്നതുമാണ്. |
| (സി) | ഡിജിറ്റൽ സർവ്വെയിലൂടെ തയ്യാറാക്കുന്ന വിവരങ്ങൾ ഭൂവിനിയോഗവുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താമെന്ന് അറിയിക്കാമോ; | (സി) | ഡിജിറ്റൽ സർവ്വെയിലൂടെ തയ്യാറാക്കുന്ന മാപ്പുകൾ സംസ്ഥാനത്തിന്റെ എല്ലാ വിധ വികസന പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുവാൻ സാധിക്കും. കൂടാതെ ദുരന്ത നിവാരണ വകുപ്പ് ഉൾപ്പെടെ GIS മാപ്പുകൾ ആവശ്യമായിട്ടുള്ള എല്ലാ സർക്കാർ വകുപ്പുകൾക്കും ഇത് അടിസ്ഥാന രേഖയായി (Base Map) ഉപയോഗിക്കുന്നതിനും സാധിക്കുന്നതാണ്. |
| (ഡി) | ഡിജിറ്റൽ സർവ്വെയുടെ ഭാഗമായി ദുരന്ത സാധ്യതയുള്ള പ്രദേശങ്ങൾ സംബന്ധിച്ച് പ്രത്യേക രേഖപ്പെടുത്തലുകൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | ഡിജിറ്റൽ സർവ്വെയിലൂടെ ഓരോ പ്രദേശത്തിന്റെയും കൃത്യമായ അക്ഷാംശവും രേഖാംശവും World Geodetic System ൽ ലഭിക്കുന്നു. ഇത് അടിസ്ഥാനമാക്കി അതത് വകുപ്പുകൾക്ക് അവരവരുടെ വിവരങ്ങൾ കൂട്ടിചേർത്ത് |

| | | | |
|---|---|---|---|
| | | | ഉപയോഗിക്കാൻ സാധിക്കുന്നതാണ്. ഇത്തരത്തിൽ ദുരന്ത സാധ്യതയുള്ള പ്രദേശങ്ങൾ തുടങ്ങി ഓരോ വകുപ്പിന്റെതുമായ വിവരങ്ങൾ കൂട്ടി ചേർത്ത് ദുരന്ത നിവാരണ വകുപ്പിനും മറ്റിതര വകുപ്പുകൾക്കും ഡിജിറ്റൽ മാപ്പുകൾ പ്രയോജനപ്പെടുത്തി മെച്ചപ്പെട്ട പ്രവർത്തനം അതിവേഗം നടത്താൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആസൂത്രണ സാമ്പത്തികകാര്യ (RKI) വകുപ്പ് - റവന്യൂ വകുപ്പ് സമർപ്പിച്ച "സംസ്ഥാനത്തെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവേ" പദ്ധതിക്ക് തത്ത്വത്തിൽ അംഗീകാരം നൽകുകയും പദ്ധതിയുടെ ആദ്യഘട്ടം 339.44 കോടി രൂപ (മുന്നൂറ്റി മുപ്പത്തൊൻപത് കോടി നാല്പത്തിനാല് ലക്ഷം രൂപ) ചെലവിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴി നടപ്പിലാക്കാൻ അനുമതി നൽകുകയും ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (RKI) വകുപ്പ്**

**സ.ഉ. (കൈ) നം.24/2021/പ്ളാനിംഗ്** **തിരുവനന്തപുരം, തീയതി, 18/08/2021**

---

പരാമർശം:- 1. 09/11/2018-ലെ സ.ഉ. (അ) 16/2018/ആ.സാ.വ. നമ്പർ സർക്കാർ ഉത്തരവ്.

2. 23/05/2019-ലെ സ.ഉ. (അ) 19/2019/ആ.സാ.വ. നമ്പർ സർക്കാർ ഉത്തരവ്.

3. 05/08/2021-ലെ ആർ.കെ.ഐ. ഉന്നതാധികാര സമിതി യോഗത്തിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

05/08/2021-ൽ ചേർന്ന റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.) ഉന്നതാധികാര സമിതി (HLEC), റവന്യൂ വകുപ്പ് സമർപ്പിച്ച, "സംസ്ഥാനത്തെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവേ" പദ്ധതി നിർദ്ദേശം വിശദമായി പരിഗണിക്കുകയും, പദ്ധതിയ്ക്ക് തത്ത്വത്തിൽ അംഗീകാരം നൽകുന്നതിനായി ശുപാർശ നൽകുകയും ചെയ്തു.

**2.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, **"സംസ്ഥാനത്തെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവേ" പദ്ധതി 807.98 കോടി രൂപ (എണ്ണൂറ്റി ഏഴ് കോടി തൊണ്ണൂറ്റി എട്ട് ലക്ഷം രൂപ)** ചെലവിൽ നാല് ഘട്ടങ്ങളിലായി, നടപ്പിലാക്കുന്നതിന് തത്ത്വത്തിൽ അംഗീകാരം നൽകി ഉത്തരവാകുന്നു. പ്രസ്തുത പദ്ധതി മൂന്ന് വർഷവും എട്ട് മാസവും എന്ന കാലയളവിൽ പൂർത്തീകരിക്കേണ്ടതാണ്. **പദ്ധതിയുടെ ആദ്യഘട്ടം 339.44 കോടി രൂപ (മുന്നൂറ്റി മുപ്പത്തൊൻപത് കോടി നാൽപത്തിനാല് ലക്ഷം രൂപ)** ചെലവിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴി നടപ്പിലാക്കാൻ അനുമതി നൽകുന്നു.

**3.** ഇത് സംബന്ധിച്ച വിശദമായ ഭരണാനുമതി പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രാജേഷ് കുമാർ സിംഗ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

റവന്യൂ വകുപ്പ്.

ധനകാര്യ വകുപ്പ്/ ആസൂത്രണ- സാമ്പത്തികകാര്യ വകുപ്പ്.

പൊതുഭരണ (എസ്.സി.) വകുപ്പ് (17/08/2021-ലെ മന്ത്രിസഭാ യോഗത്തിന്റെ ഇനം നമ്പർ 198-മേലുള്ള തീരുമാനപ്രകാരം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ഫയൽ നം.RKI1/38/2021-PLGEA-Part(1)).

ഉത്തരവിൻ പ്രകാരം

Magi

സെക്ഷൻ ഓഫീസർ

# GOVERNMENT OF KERALA

## Abstract

Planning and Economic Affairs (RKI) Department- Project Proposal of the Revenue Department, viz., 'Digital Resurvey of 1550 villages in the State'- Administrative Sanction accorded to Phase-1 for an amount of ₹339.438 crore- Orders issued.

## PLANNING & ECONOMIC AFFAIRS (RKI) DEPARTMENT

G.O.(Rt)No.364/2021/P&EA Thiruvananthapuram, Dated, 27/08/2021

Read: 1. G.O. (P) No. 16/2018/P&EA dated 09/11/2018.
2. Minutes of the meetings of the RKI- Implementation Committee held on 02/06/2021 and 13/07/2021.
3. Minutes of the 14th meeting of the High-Level Empowered Committee (HLEC) held on 05/08/2021.
4. G.O. (Ms)No. 24/2021/P&EA dated 18/08/2021.

## ORDER

Out of the 1,666 villages in the State, the resurvey of only 909 villages have been completed till date. Even this exercise took almost five decades. In 29 villages, fresh resurvey is progressing, and 728 villages still remain to be surveyed. Except 87 villages, others were resurveyed in conventional methods, and the records were prepared as paper maps. These records have defects, inherent errors etc. Since the records are prepared in hard copies and do not have geo-coordinates, digitization and incorporating geo-coordinate standards into them were found to be almost impossible. The 2018 and 2019 devastating floods (that affected nearly 40 percent of villages in the state) also highlighted the challenges of Kerala's resilience and disaster risk management readiness due to incomplete, inconsistent and institutionally fragmented legal records on land, and outdated, non-digital cadastral maps.

**2.** In order to address all these issues, the Revenue Department prepared and submitted a project report titled '*Digital Resurvey of 1550 villages in the State*' to the Rebuild Kerala Initiative (RKI), with the following objectives, viz.,

(i) To complete the Digital Resurvey of 1550 villages by using latest survey technologies;

(ii) To integrate the land record service delivery of three main stakeholders department (survey, revenue and registration);

(iii) To impart training and capacity building of stakeholders departments; and

(iv) To improve technology and IT infrastructure for building a strong framework of digitally enabled cadastral system.

**3.** The proposal was considered in detail by the RKI- Implementation Committee (RKI-IC) in its meetings held on 02/06/2021 and 13/07/2021. Based on the recommendations made by the RKI-IC, the proposal was placed before the High-Level Empowered Committee (HLEC) of the RKI, in its meeting held on 05/08/2021, the minutes of which read as 2nd paper above. The HLEC considered the proposal, and recommended the same for in-principle approval by the Council of Ministers. The HLEC, further directed the RKI to issue Administrative Sanction for the First Phase of the project at a cost of ₹339.438 crore, *subject to the approval of the Council of Ministers.* The HLEC also directed the Revenue Department to submit the DPR with revised timelines such that the completion of the project is achieved in 4 phases, and that, while preparing the DPR, the Department shall address the concerns and incorporate the suggestions put forward by the RKI- Implementation Committee in its meetings held on 02/06/2021 and 13/07/2021.

**4.** Based on the recommendations of the HLEC, in-principle approval by the Council of Ministers was accorded to the project as per G.O. read as paper 4th above.

**5.** In these circumstances, the Government are pleased to accord Administrative Sanction for the **First Phase of the 'Digital Resurvey of 1550 villages in the State' at a cost of ₹339.438 crore, (Rupees Three hundred and Thirty nine crore Forty three lakh Eighty thousand only)** under the Rebuild Kerala Initiative. The salient features of the project is placed as **Annexure I** to this order. The expenditure regarding the project will be debited to the budget provision under H/A 5475-00-115-94-Post flood Projects under Rebuild Kerala Initiative (P).

**6.** The Survey and Land Records Department will be the implementing agency of the project. A State Level Program Management Unit (SPMU) will be set up at the Survey Directorate for the day to day planning and monitoring of the program( Detailed order regarding the composition of the team, terms of reference etc will be issued separately). The Regional Director, Survey of India, Kerala and Lakshadweep will provide necessary technical assistance required for the implementation of the project. The detailed Action Plan for the implementation of the project is placed as **Annexure II** to this order.

**7.** The Department shall devise a robust dispute resolution mechanism after studying the ground realities on why the existing system does not work effectively, and steps shall be taken to incorporate it in the relevant Acts and Rules. The Department shall submit to the Government proposals for necessary changes in the related statutes for the adoption of the new system, as and when required during the implementation of the project. The Department shall take appropriate measures to address the concerns and incorporate the suggestions put forward by the RKI- Implementation Committee in its meetings held on 02/06/2021 and 13/07/2021.

**8.** A State-level Apex Committee headed by the Chief Secretary, with the Additional Chief Secretary (Finance), the Additional Chief Secretary (Revenue), the Chief Executive Officer- RKI, Regional Director Survey of India, Kerala and Lakshadweep, Land Revenue Commissioner,Director, Survey & Records Department and Inspector General of Registration as members shall be constituted for the monitoring of the program at the state-level. A District level implementation committee headed by the District Collector shall also be constituted for the monitoring of the program at the District level. The Revenue Department shall issue separate orders regarding the constitution of the above said Committees.

**9.** All procurement as part of implementation of the work shall be done in a fair and transparent manner in accordance with the extant rules and all mandatory clearances from relevant departments shall be obtained wherever applicable.

(By order of the Governor)
**Rajesh Kumar Singh I A S**
**Additional Chief Secretary**

To:

Additional Chief Secretary, Finance Department.
Additional Chief Secretary, Revenue Department.
Director, Survey & Land Records Department, Thiruvananthapuram.
Inspector General of Registration, Thiruvananthapuram.
Commissioner of Land Revenue, Thiruvananthapuram.
The Principal Accountant General (A&E/Audit), Thiruvananthapuram.
Finance Department.
Information & Public Relations (Web & New Media) Department (for publishing in Government website)
Stock File/ Office Copy [F.No.RKI1/95/2021-PLGEA].

Forwarded /By order

Section Officer